കർമ്മലകുസുമം

പ്രഥമം ● പ്രബുദ്ധം ● പ്രവാചകം

സ്ഥാപിതം : 1903

മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക
പ്രസിദ്ധീകരണത്തിന്റെ 120 വർഷങ്ങൾ

# 155 വർഷങ്ങൾ പിന്നിട്ട ചാവരുളിന്റെ പ്രസക്തി

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

കർമ്മല കുസുമം

# 155 വർഷങ്ങൾ പിന്നിട്ട ചാവരുളിന്റെ പ്രസക്തി

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് തന്റെ സ്വന്തം കുടുംബാംഗങ്ങളും ഇടവകക്കാരുമായ കൈനകരിക്കാർക്ക് 1868 ലും 1869 ലുമായി രണ്ടു ലേഖനങ്ങൾ എഴുതി. "ഞാൻ മാംസത്തിലും അരൂപിയിലും നിങ്ങളുടെ മേൽ എനിക്കുള്ള സംബന്ധത്താൽ ഈ ചാവരുളായ ഗുണദോഷം കർത്താവിന്റെ ആശീർവാദത്തോടും കൂടി നിങ്ങൾക്കു തരുന്നു."

കുടുംബജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ഉൾപ്പെടുത്തി 40 മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന *ഒരു നല്ല അപ്പന്റെ ചാവരുള്* അവർക്കു നൽകി. ഇതിനിടെ ഈ ലേഖനത്തിന്റെ അനേക ലക്ഷം കോപ്പികൾ കേരളകുടുംബങ്ങൾ പഠനത്തിനായി ഏറ്റുവാങ്ങിക്കഴിഞ്ഞു. വിശുദ്ധ യൗസേപ്പിതാവിന്റെ നന്മരണസഭ എന്ന സന്നദ്ധസംഘടനയും അവരുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ചു. മരണാസന്നരും ആരാലും ശ്രദ്ധിക്കപ്പെടാനില്ലാത്തവരുമായ പാവങ്ങൾക്കുവേണ്ടിയുള്ള ഉപവിശാലയും കൈനകരിയിൽ ഉണ്ടായി.

കേരളസഭയിൽ ആത്മീയ മുന്നേറ്റത്തിനുവേണ്ടി നേതൃത്വമെടുക്കാൻ, അതുവഴി ആഗോളസഭയ്ക്കു മുഴുവനും ശുശ്രൂഷനൽകാൻ സ്ത്രീകളുടെയും പുരുഷന്മാരുടേയും സന്യാസസഭകൾക്ക് (CMI, CMC) രൂപം നൽകിയ ചാവറപിതാവ്, കുടുംബജീവിതക്കാർക്ക് മാതൃകയും പ്രചോദനവും ആകുന്നതിനുവേണ്ടി സ്വന്തം ഇടവകക്കാരെ ഉപകരണമാക്കുവാൻ പ്രേരണനൽകുകയായിരുന്നു ഈ ലേഖനങ്ങൾ വഴി. "പ്രിയപ്പെട്ടവരെ ഞാൻ മാംസബന്ധത്താൽ ചേന്നങ്കരിപ്പള്ളി ഇടവകയിൽ ചാവറകുര്യാക്കോസ് എന്ന ആളിന്റെ മകനാകുന്നു. എന്നാൽ സർവ്വേശ്വരൻ ഈ ലോകത്തിൽ എന്നെയും സൃഷ്ടിപ്പാൻ തിരുമനസ്സായി. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ, എന്റെ മാംസബന്ധക്കാരായ നിങ്ങൾക്കു നീതിയാലെയും സ്നേഹത്താലെയും ഉപകാരം ചെയ്യാൻ എനിക്ക് വിശേഷ കടമയുണ്ട്. ഇതിനെ പരിഗണിക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്ക് പ്രത്യേകമായി ഏറെ ഒന്നും ചെയ്തിട്ടില്ല. ആയതിനാൽ എല്ലാറ്റിനും ആയി എന്റെ കൈയെഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കുകയില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി സൂക്ഷിപ്പാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏല്പിക്കുന്നു." അന്നത്തെ കൈനകരി കുരിശുപള്ളിക്കാർ ചാവറപിതാവിന്റെ വാക്കുകൾ അക്ഷരംപ്രതി പാലിച്ചു. എല്ലാ മാസത്തിലെയും ആദ്യശനിയാഴ്ച എല്ലാവരും കുരിശുപള്ളിയിൽ ഒരുമിച്ചുകൂടി അദ്ദേഹം കുറിച്ചുകൊടുത്ത ലേഖനം വായിച്ചു. അതിൽ കുടുംബജീവിതം നവീകരിക്കുവാൻ അദ്ദേഹം നിർദ്ദേശിച്ച കാര്യങ്ങൾ അവരുടെ ജീവിതത്തിൽ നടപ്പിലായി.

അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മുളകൊണ്ടെങ്കിലും ഒരു കൂടുംവച്ച് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച് ആരുവോരുമില്ലാത്തവരെയോ, വൃദ്ധന്മാരെയോ, വഴിപിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ചു രക്ഷിക്കത്തക്കവണ്ണം കൈനകരിയിൽ ആരംഭിച്ച അഗതിമന്ദിരം ഭാരതത്തിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സ്ഥാപനമാണ്.

അഗതികൾക്കും അനാഥർക്കും മരണാസന്നർക്കും വേണ്ടിയുള്ള ഒരു സന്നദ്ധ സേവനസ്ഥാപനം ചാവറപിതാവിനാൽ ആരംഭിക്കപ്പെട്ടു എന്ന് ഇൻഡ്യയുടെ സാമൂഹ്യചരിത്രത്തിൽ തങ്കലിപികളാൽ എഴുതിചേർക്കപ്പെടേണ്ട കാലം പണ്ടെ കഴിഞ്ഞു. ക്രൈസ്തവസമൂഹത്തിനു മുഴുവനുമെന്നപോലെ കുട്ടനാട്ടുകാർക്കു മുഴുവനും ഓർമ്മയിൽ താലോലിക്കുവാനും അഭിമാനം കൊള്ളുവാനുമുള്ള അവസരമായി മാറി ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിച്ചതിലൂടെ. ലോകം മുഴുവനുമുള്ള ക്രൈസ്തവജനതയെ കൈനകരിയിലേക്കും കേരളത്തിലേക്കും ഇന്ത്യാമഹാരാജ്യത്തിലേക്കും ആകർഷിക്കപ്പെടുകയായിരുന്നു 2014 നവംബർ 23-ാം തീയതി. തിരുസഭയുടെ ചരിത്രത്തിൽ ഒരു ക്രിസ്തീയ കുടുംബചട്ടം ആദ്യമായി എഴുതിയുണ്ടാക്കിയതും ഇന്ത്യയിലാദ്യമായി ഒരു

കത്തോലിക്ക സന്നദ്ധസംഘടനക്ക് രൂപം കൊടുത്തതും. അത് കൈനകരിയിലാണ് ആരംഭിച്ച തെന്നും ലോകം അറിയുകയാണ് ചാവറപിതാവിലൂടെ. ഇപ്രകാരം ഇന്ത്യയുടേയും ലോകത്തിന്റെയും മുമ്പിൽ കൈനകരി ഉയർത്തപ്പെടുകയാണ്.

2014 ഒക്ടോബറിൽ മാർപാപ്പായുടെ നേതൃത്വത്തിൽ റോമിൽ നടന്ന സിനഡ് ചരിത്രത്തിലാദ്യ മായി കുടുംബപ്രശ്നങ്ങളെ വിലയിരുത്തുവാനും കാലോചിതമായ മാർഗനിർദേശങ്ങൾ നൽകു വാനുമായി നടത്തുന്ന ആദ്യ സിനഡായി മാറിയിരുന്നു. ഈ സിനഡിലേക്ക് വെളിച്ചം വീശുവാൻ കൂടി കഴിയത്തക്കവണ്ണം കുടുംബമാർഗരേഖ ഏതാണ്ട് ഒന്നരനൂറ്റാണ്ടു മുമ്പുതന്നെ എഴുതി തയ്യാ റാക്കിതന്ന ഒരു ഓറിയന്റൽ പിതാവാണ് ചാവറയച്ചൻ. അദ്ദേഹം എഴുതിയ *ഒരു നല്ല അപ്പന്റെ ചാവരുളും* റോമിലെ സിനഡുപിതാക്കന്മാരുടെ കൈകളിലെത്തിച്ചിരുന്നു ചർച്ചാവിഷയത്തിനായി. ക്രിസ്തുശിഷ്യരിലൊരുവനായ തോമ്മശ്ലീഹായിൽ നിന്നു സ്നാനം സ്വീകരിക്കപ്പെട്ട പകലോമറ്റം കുടുംബത്തിന്റെ തായ്‌വഴിയിൽ ഉള്ളവനായിരുന്നു ചാവറപിതാവ്.

ഈ ദർശനപട്ടക്കാരന്റെ കുടുംബദർശനം നാളുകൾ നീളുംതോറും കുടുംബങ്ങളുടെ സിദ്ധൗ ഷധമായി മാറുന്നത് ദിവ്യദർശനത്താൽ എഴുതപ്പെട്ടതായതുകൊണ്ടാണ്. അക്കമിട്ട നാല്പതിന കർമ്മപരിപാടികളിലൂടെ മാതാപിതാക്കളുടെ, ഭാര്യാഭർത്താക്കന്മാരുടെ, മക്കളുടെ, മതാത്മകജീ വിതത്തിന്റെ, നീതിനിഷ്ടമായ പങ്കുവെക്കലിന്റെ, പാവങ്ങളോടു താതാത്മ്യപ്പെടലിന്റെ; നന്മ ചെയ്യു വാനും നല്ലതുമാത്രം തെരഞ്ഞെടുക്കുവാനും വേണ്ടി നിലകൊള്ളുന്ന നീതിന്യായകോടതിയാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കുടുംബസൂത്രം. ചരിത്രത്തിലിതുവരെയും ആരും എഴുതി പഠിപ്പിക്കാത്ത കുടുംബം എന്നാൽ എന്ത്? ആര്? എന്ന ചാവറപിതാവിന്റെ നിർവചനവാക്യങ്ങൾ മാത്രം ചിന്താവിഷയമാക്കിയാൽപോലും കുടുംബനവീകരണത്തിനാവശ്യമായ മാർഗരേഖയാകും.

നല്ല ക്രിസ്തീയ കുടുംബം എന്നാൽ

1. രക്തത്താലും സ്നേഹത്താലും ബന്ധിക്കപ്പെട്ടവരുടെ കൂട്ടം
2. മാതാപിതാക്കളുടെ നേരെ ആദരവും അനുസരണവുമുള്ളവരുടെ കൂട്ടം
3. ദൈവത്തോടും മനുഷ്യരോടും പൊരുത്തപ്പെട്ട് സമാധാനത്തിൽ കഴിയുന്നവരുടെ കൂട്ടം
4. സ്വന്ത ജീവിതാന്തസ്സിനനുസരിച്ച് നിത്യഗതിയെ പ്രാപിക്കാൻ പരിശ്രമിക്കുന്നവരുടെ കൂട്ടം
5. പരസ്പരം പങ്കുവെച്ച് ഐക്യത്തിൽ ഒരുമിച്ച് ജീവിക്കുന്നവരുടെ കൂട്ടം

ചാവറപിതാവ് കുറിച്ച ഒരു വാചകത്തിലെ വിഭജിക്കപ്പെട്ട അഞ്ചു ഘടകങ്ങളാണ് ഇതിലുള്ളത്. തകർച്ചയുടെ വക്കിൽ എത്തിനിൽക്കുന്ന ഏതു കുടുംബത്തെ പരിശോധിച്ചാലും ഈ അഞ്ചു ഘട കങ്ങളിലേതിലെങ്കിലും വന്ന പരാജയമാണ് തകർച്ചയുടെ കാരണമെന്ന് തിരിച്ചറിയാം.

മക്കൾ ആര് എന്നതിനുത്തരം ചാവറപിതാവിന്റെ മറ്റൊരു നിർവചനമാണ്:

“മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാക്കുന്ന തിനും വിധിദിവസത്തിൽ തിര്യെ ഏല്പിക്കുന്നതിനായിട്ടു ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ആകുന്നു ഇവർ.”

ദൈവദാനമായ നിക്ഷേപം, കൂദാശകളാൽ ജീവനേകി; ദൈവ, മനുഷ്യശുശ്രൂഷികളാക്കി: വിധി ദിവസത്തിൽ തിരിച്ചേൽപിക്കുന്നതിന് സൂക്ഷിക്കാൻ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ആണ് മക്കൾ. മാതാപിതാക്കളുടെയും മക്കളുടെയും കടമയും ഉത്തരവാദിത്വവും വലുതാണെന്ന ഓർമ്മപ്പെടു ത്തലാണ് *ഒരു നല്ല അപ്പന്റെ ചാവരുൾ.*

ചാവരുളിൽ ചാവറപിതാവ് ചർച്ചാവിഷയമാക്കുന്ന വിഷയങ്ങൾ മാത്രം വിലയിരുത്തിയാൽ പോലും മനസ്സിലാകും കുടുംബജീവിതത്തിന്റെ സമഗ്രതയിൽപ്പെടേണ്ട എന്തെല്ലാം വിഷയങ്ങളാണ് അദ്ദേഹം പഠനവിഷയമാക്കിയിരിക്കുന്നതെന്ന്.

**കുടുംബക്രമത്തിലവതരിപ്പിച്ചിരിക്കുന്ന പ്രധാനവിഷയങ്ങൾ**

1. നല്ല ക്രിസ്ത്യാനികുടുംബം
2. തമ്മിൽത്തമ്മിലുള്ള സ്നേഹം
3. മാതാപിതാക്കൾ ദൈവം ഏല്പിച്ച സൂക്ഷിപ്പുകാർ
4. ആത്മീയ വളർച്ചയ്ക്കുള്ള അടിത്തറ
5. മക്കളുടെ സ്വഭാവരൂപവൽക്കരണം
6. മക്കളുടെ വിദ്യാഭ്യാസവും പരിശീലനവും
7. മക്കളുടെ ജീവിതാന്തസ് തിരഞ്ഞെടുക്കുമ്പോൾ
8. പ്രായത്തിലെത്തിയ മാതാപിതാക്കളും മക്കളും
9. പ്രാർത്ഥനയും കൂദാശകളും
10. ഞായറാഴ്ചയും കടമുള്ള ദിനങ്ങളും
11. സമ്പത്തിന്റെ ഉപയോഗം
12. പാവങ്ങളും ആശ്രിതരും
13. സദ്ഗ്രന്ഥങ്ങൾ നിക്ഷേപങ്ങൾ
14. അധ്വാനഫലം അനുഗ്രഹഫലം
15. സ്വർഗത്തിലെ കണക്കിൽ പെടുന്നത് നന്മകൾ
16. സംസാരത്തിലുള്ള സൂക്ഷം
17. അടക്കവും ജീവിതലാളിത്യവും
18. ദൈവഭയവും ഭക്തിയും
19. ജീവിതക്രമവും സമയനിഷ്ഠയും
20. ക്ഷമയും കരുതലും
21. ദൈവതിരുമനസ്സിനു വിട്ടുകൊടുക്കുക

**നല്ല അപ്പന്റെ ചാവരുൾ എന്ന കുടുംബക്രമത്തിന്റെ പ്രത്യേകതകൾ**

**1. ഒരു സ്നേഹപിതാവിൽ നിന്നു വരുന്ന സാരോപദേശം**

കേരളസഭയെ സംബന്ധിച്ചിടത്തോളം ഇത് സ്നേഹം നിറഞ്ഞ ഒരു പൂർവപിതാവിൽനിന്നു വരുന്ന സാരോപദേശമാണ്. കുടുംബക്കാരും ഇടവകക്കാരുമായവരെ മുന്നിൽ കണ്ടുകൊണ്ട് അദ്ദേഹം ഇതിന്റെ അവതരണഭാഗത്ത് ചാവറപ്പിതാവും ഉപദേശങ്ങൾ സ്വീകരിക്കേണ്ടി വരുന്ന വരും തമ്മിലുള്ള ആത്മബന്ധത്തെ വൈകാരികമായി അവതരിപ്പിച്ചിരിക്കുന്നു. തന്റെ അന്ത്യശാസനമായി ഇത് സ്വീകരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. താൻ എഴുതികൊടുത്തത് കൈനകരി കുരിശുപള്ളിയിൽ സൂക്ഷിക്കയും എല്ലാ മാസാദ്യശനിയാഴ്ചകളിലും എല്ലാവരും ഒരുമിച്ചുകൂടി അതു വായിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. തന്നെ ഓർക്കാൻ ഇതിൽകവിഞ്ഞു മറ്റൊന്നും ചെയ്യണ്ട എന്നും സൂചിപ്പിച്ചിരുന്നു. ഒരു നല്ല അപ്പന്റെ സ്നേഹവാത്സല്യത്തിന്റെ ഭാവം ഇതിൽ കാണുന്നുണ്ട്.

ഔദ്യോഗിക രേഖകളിൽ ആശയങ്ങളെ വേർതിരിക്കാൻ നമ്പറുകൾ കൊടുക്കാറുള്ളതുപോലെ ചാവറപിതാവെഴുതിയ കുടുംബക്രമത്തിലും വിഷയവ്യത്യാസമുള്ളതിനെല്ലാം നമ്പറുകൾ കൊടുത്തിട്ടുണ്ട്. ഒറിജിനലിൽ വിഷയത്തിനനുസരിച്ച് തലക്കെട്ടുകൾ കൊടുത്തിട്ടില്ല. വായനക്കാരുടെ എളുപ്പത്തിനുവേണ്ടി പിന്നീട് പ്രസിദ്ധീകരിച്ചവർ ചേർത്തിട്ടുള്ളതാണ് ഇത്.

കുടുംബാംഗങ്ങൾ ദൈവത്തോടും കുടുംബാംഗങ്ങളോടും പരസ്പരവും, മറ്റുള്ളവരോടും, തന്നോടുതന്നെയും സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ചുള്ള പ്രായോഗികനിർദ്ദേശങ്ങളാണ് ഇതിലുള്ളത്. തങ്ങളിൽ സ്ഥായിയായ മാറ്റങ്ങൾ വരുത്തുവാനുള്ള നിർദ്ദേശങ്ങൾ ഉള്ളതുകൊണ്ടായിരിക്കാം വികാരിജനറാളിൽ നിന്നുള്ള ഔദ്യോഗികരേഖയായി അവതരിപ്പിക്കാതെ അപ്പൻ മക്കളോടു എന്നപോലെയാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്.

**2. ദൈവികവെളിച്ചം സ്വീകരിച്ചുകൊണ്ട് എഴുതപ്പെട്ട കുടുംബക്രമം**

സ്നേഹം, സമാധാനം, ജീവിതക്രമം, പരസ്നേഹം, ദൈവഭയം തുടങ്ങിയ നന്മകൾക്കെതിരായി കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും ഭാവിയിൽ വരാവുന്നതുമായ തിന്മകളെയും നാശങ്ങളെയും കുറിച്ച് വിലയിരുത്തിയ ചാവറപിതാവ് കുടുംബങ്ങൾക്ക് വ്യക്തമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കണമെന്ന് ആഗ്രഹിച്ചു. ദിവ്യപ്രകാശനത്തിനായി പ്രാർത്ഥിച്ച് ദൈവനിവേശിതനായാണ് കുടുംബക്രമം എഴുതിയുണ്ടാക്കിയത് എന്നദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നര നൂറ്റാണ്ട് പിന്നിട്ടപ്പോഴും ഇന്നിന്റെ പ്രസക്തിക്കു കോട്ടം വരാത്ത മൂല്യവത്തായ പ്രായോഗികനിർദ്ദേശങ്ങളായിരിക്കുന്നതിന്റെ കാരണവും, ഇതിന്റെ അനേകപതിപ്പുകളിലൂടെ ഇപ്പോഴും ഈ ചെറുഗ്രന്ഥം ഉപയോഗത്തിലിരിക്കുന്നതിന്റെ കാരണവും സ്ഥലകാലാധീതമായി ഈ സന്ദേശം നിലനിൽക്കുന്നതും അദ്ദേഹം ദൈവനിവേശിതമായി എഴുതിയതാണ് എന്നതാണ്. കുടുംബജീവിതത്തെയും, മാതാപിതാക്കളെയും, യുവജനങ്ങളെയും, കുട്ടികളെയും സംബന്ധിച്ച ഈ ക്രമം ധ്യാനകേന്ദ്രങ്ങളിലും, സ്റ്റഡി ക്ലാസ്സുകളിലും പുതുമയോടെ ഉപയോഗിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

**3. ചാവരുളിലെ അവതരണ സാമ്യത**

ഉൽപത്തി പുസ്തകത്തിലെ 49-ാമത്തെ അദ്ധ്യായത്തിൽ 1 മുതൽ 27 വരെയുള്ള വചനങ്ങൾ പൂർവ്വപിതാവായ യാക്കോബ് തന്റെ മക്കൾക്കു കൊടുക്കുന്ന അവസാന അനുഗ്രഹഭാഗമാണ്. ഇതിലൂടെ അവരെ അനുഗ്രഹിക്കുന്നതിനോടൊപ്പം അവരിലെ സ്വഭാവദൂഷ്യങ്ങളെക്കുറിച്ചും തിരുത്തേണ്ട മേഖലകളെക്കുറിച്ചും അവരെ ഓർമ്മിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു.

നിയമാവർത്തന പുസ്തകത്തിലെ 33-ാം അദ്ധ്യായത്തിൽ അവസാനമായി മോശ ഇസ്രായേൽ ജനത്തെ ആശീർവദിക്കുന്ന ഭാഗമാണിത്. ഇവിടെ അവരുടെ സ്വഭാവത്തിന്റെ പ്രത്യേകതകളെകുറിച്ച് വിശദീകരിച്ചുകൊണ്ടാണ് ആശീർവാദം നല്കുന്നത്. ഇത് ഒരു തിരുത്തൽ നടപടിയും കൂടിയാണ്.

അപ്പസ്തോലപ്രവർത്തനങ്ങളിലെ 20-ാം അദ്ധ്യായത്തിലെ 18 മുതൽ 25 വരെയുള്ള വചനങ്ങളുടെ വെളിച്ചത്തിൽ എഫേസൂസിലെ സഭയ്ക്കു പൗലോസ് ശ്ലീഹാ നല്കുന്ന അവസാന ഉപദേശമാണ് ഇത്. ഇതിലൂടെ അദ്ദേഹം അവരുടെ ജീവിതത്തിലേക്കാവശ്യമായ വ്യക്തമായ നിർദ്ദേശങ്ങളാണ് നല്കുന്നത്.

യോഹന്നാന്റെ സുവിശേഷത്തിൽ 13-ാം അദ്ധ്യായം 31 മുതൽ 16-ാം അദ്ധ്യായം 33 വരെയുള്ള വചനങ്ങൾ ഈശോ തന്റെ ശിഷ്യന്മാർക്ക് നല്കുന്ന അവസാന ഉപദേശങ്ങളാണ്. ഇതിൽ അവിടുന്ന് ദൈവത്തിന്റെ ദാനമായ സ്നേഹത്തെക്കുറിച്ചും ജീവനെക്കുറിച്ചും തന്റെ ശിഷ്യർക്ക് പറഞ്ഞുകൊടുക്കുന്നു, അതിലൂടെ അവരിൽ നിന്ന് എന്താണ് തുടർന്ന് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ച വിശുദ്ധഗ്രന്ഥഭാഗങ്ങളിലെല്ലാം, യാക്കോബു മുതൽ ഈശോ വരെ എല്ലാവരും അവരുടെ മനുഷ്യജീവിതത്തിന്റെ അന്ത്യനാളുകളിൽ കൊടുക്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ്. ഇവയിലൂടെയെല്ലാം ജീവിതനവീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളാണ് കൈമാറിയിരിക്കുന്നത്.

ഇവയോട് ഏതാണ്ട് സാമ്യമുള്ള അവതരണരീതിയാണ് ചാവറപിതാവും സ്വീകരിച്ചത്. കുടുംബജീവിതക്കാരുടെ വിശുദ്ധിയും വിശ്വസ്തതയും ഉത്തരവാദിത്വവും എന്താണെന്ന് അദ്ദേഹം നല്ല അപ്പന്റെ ചാവരുളിലൂടെ അവതരിപ്പിക്കുന്നു.

**4. സന്ദേശത്തിന്റെ അവതരണരീതി**

ചാവറപിതാവെഴുതിയ കൈയ്യെഴുത്തുപ്രതിയിൽ 24 പേജുകൊണ്ട് അവസാനിക്കുന്ന ഈ കുടുംബക്രമം വായനക്കാരുടെ മനസ്സിൽ പതിയാവുന്ന വിധം ചെറിയ ചെറിയ ഉപമകളിലൂടെയും, കഥകളിലൂടെയും, അനുഭവങ്ങളിലൂടെയും തത്വചിന്തകളിലൂടെയും, ആപ്തവാക്യങ്ങളിലൂടെയും, അതിലുപരി ബൈബിൾ വചനങ്ങളിലൂടെയുമാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവയിലൂടെ വിജ്ഞാനചിന്തകൾ നൽകി എന്നതിലുപരി പ്രായോഗികനിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്. അവതരണരീതിയിൽ വി. മത്തായിയുടെ സുവിശേഷത്തിലെ അഞ്ചും ആറും ഏഴും അദ്ധ്യായങ്ങളോടും വി.ലൂക്കായുടെ സുവിശേഷത്തിലെ ആറാം അദ്ധ്യായത്തോടും സാമ്യമുണ്ട് ചാവറപിതാവിന്റെ കൃതിക്കും. ജീവിതനവീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളാണ് ഇവ രണ്ടിലേയും ഉള്ളടക്കം.

**5. വിഷയവതരണത്തിലുള്ള ശാസ്ത്രീയത**

വിശുദ്ധഗ്രന്ഥം, തത്വശാസ്ത്രം, ദൈവശാസ്ത്രം, ധാർമ്മികശാസ്ത്രം, ധനതത്വശാസ്ത്രം, മനഃശാസ്ത്രം എന്നിങ്ങനെ എല്ലാ ചിന്താധാരകളും തന്നെ, കളരിപഠനം കൊണ്ടു കിട്ടിയ പൊതുവിദ്യാഭ്യാസവും ഗുരുകുലസമാനമായ വൈദികപരിപാലനവും മാത്രം കൈമുതലുള്ള ചാവറപിതാവ് മോറൽ കോഡുകളുടെ സമാഹരണമായ പത്തു കല്പനകൾക്ക് സമാനമായ വിധം 40 നമ്പറുകളിലൂടെയാണ് ഇത്ര മൂല്യവത്തായ കുടുംബക്രമം എഴുതിയിരിക്കുന്നത്.

**6. മൂന്നു ദിശകളിലൂടെ വേണം ഈ ചെറുഗ്രന്ഥത്തെ വീക്ഷിക്കുവാൻ**

1. ദൈവികപദ്ധതിയിൽ കുടുംബത്തിന്റെ സ്ഥാനം.
2. തിരുസഭയുടെ ദൗത്യത്തിൽ കുടുംബത്തിന്റെ സ്ഥാനം.
3. സാമൂഹ്യബന്ധത്തിൽ കുടുംബത്തിന്റെ സ്ഥാനം.

**7. കുടുംബക്രമത്തിന്റെ ചരിത്രപരത**

1868-ൽ ചാവറപിതാവ് കുടുംബങ്ങളെ ലക്ഷ്യംവച്ചുകൊണ്ട് എഴുതിയ കുടുംബക്രമംപോലെ ഇത്ര സമഗ്രമായ ഒരു പഠനം അതിനുമുമ്പുള്ള കാലഘട്ടത്തിൽ ആരിലൂടെയും ഉണ്ടായിട്ടുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. 1545-നും 1563-നുമിടയിൽ നടന്ന തെന്ത്രോസ് സൂനഹദോസിലാണ് തിരുസഭാപഠനങ്ങളുടെ ഭാഗമായി കുടുംബത്തോടു ബന്ധപ്പെടുത്തി ഒരു രേഖ ഉണ്ടാകുന്നത്. ഇതു പ്രധാനമായും കൂദാശപരമായ വിവാഹത്തിന്റെ അവിഭാജ്യതയെകുറിച്ച് പ്രോട്ടസ്റ്റന്റ് റിഫോർമേഴ്സിന് എതിരായുള്ള ഉത്തരമായിട്ടായിരുന്നു അവതരിപ്പിച്ചത്. ഈ രേഖയിൽ കുടുംബജീവിതത്തിന്റെ ഇതരവശങ്ങളെക്കുറിച്ച് കാര്യമായ പ്രതിപാദനമൊന്നുമില്ലായിരുന്നു.

**8. കുടുംബജീവിതത്തോടു ബന്ധപ്പെടുത്തി മാർപാപ്പമാർ നൽകിയിരിക്കുന്ന ചില പ്രബോധനങ്ങൾ**

ക്രിസ്തീയ വിവാഹത്തെക്കുറിച്ച് 1893-ൽ ലെയോ XIII-ാമൻ മാർപാപ്പ

വിവാഹത്തിലെ ബ്രഹ്മചര്യത്തെക്കുറിച്ച് 1930-ൽ XI-ാം പീയൂസ് മാർപാപ്പ.

മനുഷ്യജീവനെകുറിച്ച് 1968-ൽ VI-ാം പൗലോസ് മാർപാപ്പ.

വിവാഹത്തിന്റെയും കുടുംബത്തിന്റെയും പവിത്രതയെക്കുറിച്ച് II-ാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിൽ

അല്മായരുടെ വിളിയെയും പ്രേഷിതദൗത്യത്തെയും കുറിച്ച് 1987-ൽ ജോൺപോൾ II-ാമൻ മാർപാപ്പ നൽകിയ അപ്പസ്തോലിക പ്രബോധനം.

ഇപ്രകാരം ചാവറപിതാവ് കുടുംബജീവിതക്കാർക്കുവേണ്ടി എഴുതിതന്ന ചാവരുൾ കഴിഞ്ഞ 155 വർഷങ്ങളെ അതിജീവിക്കുമ്പോഴും സമഗ്രവും തത്തുല്യവുമായ മറ്റൊരു കുടുംബക്രമവും ഇതുവരെ ഉണ്ടായിട്ടില്ല എന്നത് ഏതൊരു ഭാരതീയനും അഭിമാനം തരുന്നതാണ്.